**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4982** **01-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലക്ഷദ്വീപിലെ പട്ടിക വർഗ്ഗത്തിൽപ്പെട്ട പൗരൻമാരിൽ പലരും കേരളത്തിൽ വന്ന് വിവാഹം കഴിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഇവർ പട്ടികവർഗ്ഗത്തിൽപ്പെടുന്നവരാണെന്നുള്ള ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കുടിയേറുകയും ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്ത പട്ടിക ജാതി പട്ടിക ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ വിഷയത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് 12.10.1986 ലെ സ.ഉ.(കൈ)10/86/SCSTD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകന്റെ മാതാപിതാക്കളോ പൂർവ്വികരോ 1950 ലെ പ്രസിഡൻഷ്യൽ ഓർഡറിനു മുൻപ് ഈ സംസ്ഥാനത്ത് കുടിയേറി സ്ഥിരതാമസമാക്കിയവരാവുകയും അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടതാവുകയും ചെയ്താൽ അങ്ങനെ ഉള്ളവർക്ക് ഈ സംസ്ഥാനത്തു നിന്നും സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. 1950 നു മുൻപ് കുടിയേറിയവരുടെ കാര്യത്തിൽ ഈ സംസ്ഥാനത്തെ പട്ടിക ജാതി പട്ടിക ഗോത്രവർഗ്ഗ പട്ടികയിൽ ഉൾപ്പെടാതെ വരുന്ന കേസുകളിൽ അവർക്ക് ഈ സംസ്ഥാത്തു നിന്നുള്ള പട്ടികജാതി പട്ടിക വർഗ്ഗ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവില്ല. 1950 നു ശേഷം ഈ സംസ്ഥാനത്തേക്ക് കുടിയേറി താമസിച്ച പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ പോലും ഈ സംസ്ഥാനത്തു നിന്നും പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ